Website

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**
**KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.**

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: ബി.ശ്രീകുമാർ, ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥലംമാറ്റം - അനോമലി പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-എ6/7116/15 നമ്പരായ 19.05.2015 തീയതിയിലെ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്.

*********

**ഉത്തരവ് നമ്പർ: എ6/7116/2015 തീയതി: 07.07.2015**

ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 2015 -ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അനോമലി പരിഹരിക്കുന്നതിനായി അപേക്ഷ നൽകിയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | ആർ.പത്മലേഖ | ആർ.ഐ.സി ആലപ്പുഴ | ഐ.ടി.ഐ കഴക്കൂട്ടം/ ആറ്റിങ്ങൽ | |
| 2 | പി.പ്രസന്നകുമാരി | ഐ.ടി.ഐ ചന്ദനത്തോപ്പ് | ഐ.ടി.ഐ ആറ്റിങ്ങൽ | എസ്.സി |
| 3 | ശിവരാജ്.കെ | ഐ.ടി.ഐ കൽപ്പറ്റ | ഐ.ടി.ഐ ധനുവച്ചപുരം | |
| 4 | എസ്.ജയിൻ | ഐ.ടി.ഐ ആര്യനാട് | ആർ.ഐ.സി ചാക്ക | മെഡിക്കൽ ഗ്രൗണ്ട് |
| 5 | എസ്.സുരേഷ്കുമാർ | ഐ.ടി.ഐ വളയം | ആർ.ഐ.സി ചാക്ക | |
| 6 | ജോൺ വർഗ്ഗീസ് | ഐ.ടി.ഐ ചെന്നീർക്കര | ഐ.ടി.ഐ മെഴുവേലി | |
| 7 | ഗീതാദേവി.കെ | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ മെഴുവേലി/ ബി.റ്റി.സി/ ചന്ദനത്തോപ്പ്/ ചെങ്ങന്നൂർ/ ആർ.ഐ.സി ആലപ്പുഴ | |

| | | | | |
|---|---|---|---|---|
| 8 | കുമാരി.പി.എസ് | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ ഏറ്റുമാനൂർ | റിട്ടയർമെന്റ് ഫെബ്രുവരി –2016 |
| 9 | തോമസ് കെ. | ഐ.ടി.ഐ കാസർഗോഡ് | ആർ.ഐ.സി ആലപ്പുഴ/ ഏറ്റുമാനൂർ | |
| 10 | നൗഷാദ് | ഐ.ടി.ഐ പെരുവ | ഐ.ടി.ഐ മെഴുവേലി/ കൊല്ലം/ ആലപ്പുഴ | |
| 11 | സജീവ്.എസ്.ആർ | ഐ.ടി.ഐ മാള | ഐ.ടി.ഐ പെരുവ | |
| 12 | കെ.കെ.ശിവൻ | ഐ.ടി.ഐ കയ്യൂർ | ഐ.ടി.ഐ കളമശ്ശേരി | |
| 13 | സാർത്തോ ജോസ് | ഐ.ടി.ഐ മാറാഞ്ചേരി | ഐ.ടി.ഐ (വ) കളമശ്ശേരി / പുറക്കാട്/ ആർ.ഐ.സി ആലപ്പുഴ | |
| 14 | പി.വി.സുരേന്ദ്രൻ | ഐ.ടി.ഐ പുഴക്കാട്ടിരി | ആർ.ഐ.സി പാലക്കാട് | |
| 15 | സന്തോഷ് കുമാർ.എൻ | ഐ.ടി.ഐ കാസർഗോഡ് | ഐ.ടി.ഐ (വ) കോഴിക്കോട് | |
| 16 | സുനിജ.വി.കെ | ഐ.ടി.ഐ പേരാവൂർ | ഐ.ടി.ഐ (വ) കോഴിക്കോട് | |

മേൽ പട്ടികയിൽ ശ്രീമതി.ആർ.പത്മലേഖ (സീരിയൽ നം.1), ശ്രീ.കെ.കെ.ശിവൻ (സീരിയൽ നം.12), ശ്രീ.സാർത്തോ ജോസ് (സീരിയൽ നം. 13) എന്നിവരെ തുറന്ന ഒഴിവില്ലാത്തതിനാലും പൊതുസ്ഥലംമാറ്റ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാലും പരിഗണനാർഹമല്ല. ഇവയൊഴികെ മേൽപ്രസ്താവിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്നതരത്തിൽ അനോമലി അപേക്ഷകൾ പരിഹരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സീരിയൽ നം–2 ചന്ദനത്തോപ്പ് ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീമതി.പി.പ്രസന്നകുമാരിയെ എസ്.സി പരിഗണന നൽകി ആറ്റിങ്ങൽ ഐ.ടി.ഐ യിൽ തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സീരിയൽ നം–3 ധനുവച്ചപുരം ഐ.ടി.ഐ യിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന കൽപ്പറ്റ ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.ശിവരാജിനെ ധനുവച്ചപുരം ഐ.ടി.ഐ യിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സീരിയൽ നം–4 തിരുവനന്തപുരം ആർ.ഐ.സെന്ററിലെ ജെ.എ.എ.(റ്റി) ഒഴിവിൽ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിരിക്കുന്ന ആര്യനാട് ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടറായ ശ്രീ.എസ്.ജയിൻ ഓങ്കോളജി സംബന്ധിച്ച ചികിത്സയിലായതിനാൽ തുടർച്ചയായി കീമോതെറാപ്പിയ്ക്ക് വിധേയനാകേണ്ട

സാഹചര്യം കണക്കിലെടുത്ത് ചാക്ക ആർ.ഐ.സെന്ററിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

സീരിയൽ നം.6 ശ്രീ.ജോൺ വർഗീസ്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ ഐ.ടി.ഐ ചെന്നീർക്കരയെ മെഴുവേലി(വ)ഐ.ടി.ഐയിലെ തുറന്ന ഒഴിവിൽ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

സീരിയൽ നം.7 കൊല്ലം പത്തനംതിട്ട ജില്ലയിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന ശ്രീമതി.ഗീതാദേവി 12/2014 മുതൽ പുറംജില്ലയിലെ മലമ്പുഴ ഐ.ടി.ഐ യിൽ സേവനമനുഷ്ഠിക്കുന്ന സാഹചര്യം കണക്കിലെടുത്തും വനിത ജീവനക്കാരി എന്ന പരിഗണന നൽകിയും ശ്രീമതി.ഗീതാദേവിയെ ബി.റ്റി.സി കൊല്ലത്തെ പ്രിൻസിപ്പൽ ക്ലാസ്-2 സ്ഥാനക്കയറ്റത്തിലുണ്ടായി തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

സീരിയൽ നം.8 ഏറ്റുമാനൂർ ഐ.ടി.ഐ യിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന കട്ടപ്പന ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ശ്രീമതി.കുമാരി.പി.എസ്-ന് 2 വർഷത്തിനകം പെൻഷൻ ആകുന്ന സാഹചര്യവും വനിത ജീവനക്കാരി എന്ന പരിഗണനയും നൽകി ഏറ്റുമാനൂർ ഐ.ടി.ഐ യിലെ തുറന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

സീരിയൽ നം.9 ശ്രീ.തോമസ്.കെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ കാസർഗോഡിനെ ഏറ്റുമാനൂർ ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-2 സ്ഥാനക്കയറ്റത്തിലുണ്ടായ തുറന്ന ഒഴിവിൽ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

സീരിയൽ നം.10 പെരുവ ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.നൗഷാദ് കൊല്ലം ചന്ദനത്തോപ്പ് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരി ക്കുന്നതിനാൽ ശ്രീമതി. പി.പ്രസന്നകുമാരിയെ മാറ്റുന്നതുപ്രകാരമുണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു. ആയതുപ്രകാരം പെരുവ ഐ.ടി.ഐ യിലുണ്ടാകുന്ന ഒഴിവിൽ സീരിയൽ നം.11 മാള ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.എസ്.ആർ.സജീവിനെ ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സീരിയൽ നം.14 പുഴക്കാട്ടിരി ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.പി.വി.സുരേന്ദ്രനെ ടിയാന്റെ അപേക്ഷ പ്രകാരവും മറ്റ് അപേക്ഷകർ ഇല്ലാത്ത സാഹചര്യവും കണക്കിലെടുത്ത് പാലക്കാട് ആർ.ഐ.സെന്ററിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

സീരിയൽ നം.15 കാസർഗോഡ് ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.എൻ.സന്തോഷ്കുമാറിനെ കോഴിക്കോട് വനിത ഐ.ടി.ഐ യിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

സീരിയൽ നം.16 പേരാവൂർ ഐ.ടി.ഐയിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടറായ ശ്രീമതി.സുനിജ.വി.കെയെ കോഴിക്കോട് ഐ.ടി.ഐയിലെ പ്രിൻസിപ്പൽ ക്ലാസ്-2 സ്ഥാനക്കയറ്റത്തിലൂടെ ഉണ്ടായ തുറന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ചാക്ക ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.സുരേഷ്കുമാർ.ആർ -നെ ഡയറക്ടറേറ്റിൽ ഉള്ള ജെ.എ.എ(റ്റി) ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

സീരിയൽ നം.5 വളയം ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ.എസ്.സുരേഷ്കുമാറിനെ തിരുവനന്തപുരം ചാക്ക ഐ.ടി.ഐ യിൽ ശ്രീ.ആർ.സുരേഷ്കുമാർ-നെ മാറ്റിയ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

മേൽപ്രസ്താവിച്ച ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്ത വിവരവും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ സ്ഥാപനത്തിൽ അറിയിക്കേണ്ടതുമാണ്. സ്ഥലംമാറ്റം അനുവദിച്ച ജീവനക്കാർക്ക് യാത്രപ്പടി, സേവനകാലം എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2) വകുപ്പ് വെബ്സൈറ്റ്

R/1/7/15